# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.3326

19/06/2019-ൽ
മറുപടിയ്ക്ക്

## മലയാളം കോളേജ് ലക്ചറർ തസ്തിക

**ചോദ്യം**

**മറുപടി**

ഡോ.എം.കെ.മുനീർ :

ഡോ.കെ.ടി.ജലീൽ
(ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിലുള്ള മലയാളം ലക്ചറർ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ ; | (എ) | നിലവിലുള്ള മലയാളം ലക്ചറർ റാങ്ക് ലിസ്റ്റിൽ നിന്നും 20 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മലയാളം കോഴ്സുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് എത്ര പ്രൊപ്പോസലുകൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മലയാളം കോഴ്സുകൾ ആരംഭിക്കുന്നതിനായി 11 പി.ജി.കോഴ്സുകൾക്കും 13 യു.ജി.കോഴ്സുകൾക്കും 4 എം.ഫിൽ കോഴ്സുകൾക്കുമായുള്ള പ്രൊപ്പോസലുകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. |
| (സി) | ശ്രേഷ്ഠഭാഷയായ മലയാളം പരിപോഷിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ? | (സി) | ശ്രേഷ്ഠഭാഷയായ മലയാളം പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി മലയാള ഭാഷാപഠനത്തിന് 2019 - ൽ സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ മലയാളം വിഭാഗത്തിന് 8 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളിൽ മലയാള വിഭാഗത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്.<br>മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിക്കപ്പെട്ട സാഹചര്യത്തിൽ മലയാളം പരിപോഷിപ്പിക്കുന്നതിന് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഭാഷാശാസ്ത്രം, സാഹിത്യപഠനം, സാഹിത്യരചന, സാംസ്കാരിക പൈതൃകം, മാധ്യമ പഠനം, ചലച്ചിത്ര പഠനം, തദ്ദേശവികസന പഠനം, സാമൂഹ്യശാസ്ത്രം, ചരിത്രം, പരിസ്ഥിതിശാസ്ത്രം |

| | | | |
|---|---|---|---|
| | | | എന്നിവയിൽ എം.ഫിൽ, പി.എച്ച്.ഡി കോഴ്സുകൾ ആരംഭിച്ചു. എം.എച്ച്.ആർ.ഡി - യുടെ ആഭിമുഖ്യത്തിൽ ഒരു മികവ് കേന്ദ്രം സ്ഥാപിക്കുന്നതിന് മലയാള സർവ്വകലാശാലയെ നിർദ്ദേശിച്ചു. ജർമ്മനിയിലെ ട്യൂബിംഗർ സർവ്വകലാശാലയിൽ ഗുണ്ടർട്ട് ചെയർ സ്ഥാപിച്ചു. തഞ്ചാവൂരിലെ തമിഴ് സർവ്വകലാശാലയിൽ മലയാളം ചെയർ സ്ഥാപിക്കാൻ പ്രാരംഭ നടപടികളായി. ഇംഗ്ലീഷിലും മറ്റ് ഭാരതീയ ഭാഷകളിലുമുള്ള വൈജ്ഞാനിക കൃതികൾ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്താനുള്ള പ്രാരംഭ നടപടികളായി. മലയാളത്തിലെ ക്ലാസിക്കൽ കൃതികൾ പുനരവതരിപ്പിക്കാനും ചിലത് ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്താനും സാധ്യമായി. മോയിൻകുട്ടി വൈദ്യർ സ്മാരകവുമായി ബന്ധപ്പെട്ട് അറബി - മലയാളം വിജ്ഞാനകോശം നിർമ്മിക്കാൻ തീരുമാനിച്ചു. സമഗ്രഭാഷാ ഓൺലൈൻ നിഘണ്ടു തയ്യാറായി വരുന്നു. ലക്ഷദ്വീപ് മലയാളം, ആദിവാസിഭാഷകൾ, അവികസിത ദ്രാവിഡ ഭാഷകൾ എന്നിവയെ കുറിച്ച് പഠിക്കാൻ കർമ്മപദ്ധതി പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**